**CHASS**®

P.B. No. 20
ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

# Changanacherry Social Service Society

Registered Under the Travancore-Cochin Charitable Societies Regn. Act XII of 1955 Reg. No. K 44 of 1966
Khadi & Village Industries Commission No. KRL 3347, MSME, Government of India
Regional Resource Training Centre South Zone II (RRTC)

CS/GEN/2021/106 21-01-2021

പ്രിയ അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ!!!**

ഫെബ്രുവരി 4 ലോക കാൻസർ ദിനമായി ആചരിക്കുന്നു. കാൻസർ രോഗികളെ പരിഗണിക്കുന്നതിനും സഹായിക്കുന്നതിനും കാൻസറിനെ പ്രതിരോധിക്കുന്നതിന് സമൂഹത്തെ പ്രാപ്തമാക്കുന്നതിനും ഈ ദിനാചരണം സഹായകമാകണം. ജീവിതശൈലി രോഗങ്ങളിൽ ഇന്ന് ഏറ്റവും ഭീതിപ്പെടുത്തുന്ന തരത്തിൽ വർദ്ധിച്ചുവരുന്ന രോഗമാണ് കാൻസർ. അന്തരീക്ഷ-ജല മലിനീകരണവും ഭക്ഷണക്രമത്തിലുണ്ടായ അനാരോഗ്യകരമായ പ്രവണതകളും (ഉദാ. ഫാസ്റ്റ് ഫുഡ് സംസ്കാരം) നിത്യോപയോഗസാധനങ്ങളിലെ അളവിൽ കവിഞ്ഞ രാസവസ്തുക്കളുടെ സാന്നിധ്യവും കാൻസറിന്റെ അനിതര-സാധാരണമായ വർദ്ധനവിന് കാരണമാകുന്നു. പൊതുസമൂഹം ഇക്കാര്യങ്ങളിൽ കൂടുതൽ തിരിച്ചറിവ് നേടിയിട്ടുണ്ടെങ്കിലും മാലിന്യസംസ്ക്കരണത്തിലും, ജൈവ ഭക്ഷ്യവസ്തുക്കളുടെ ഉത്പ്പാദനത്തിലും, പരിസ്ഥിതി സംരക്ഷണത്തിലും പുലർത്തുന്ന ഉദാസീനതയും, ഉപഭോഗസംസ്ക്കാരത്തിന്റെ കുത്തൊഴുക്കിൽ നിർമ്മിക്കപ്പെടുന്ന രാസ-വിഷലിബ്ധമായ ഉത്പന്നങ്ങളുടെ അമിത ഉപയോഗവും മൂലം കാൻസറിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ പലപ്പോഴും ഫലശൂന്യമായിതീരുകയാണ്. വ്യക്തിതലം മുതൽ എല്ലാ മേഖലകളിലും-ഇടവക, സംഘടന, വിദ്യാലയം- ബോധവത്ക്കരണവും ക്രിയാത്മക കർമ്മപദ്ധതികളുമുണ്ടാവണം. ഈ ലക്ഷ്യത്തോടെയാണ് ചാസ് കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ 'ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി' നടപ്പിലാക്കിവരുന്നത്. ഇതിനോടകം നൂറുകണക്കിന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മാലിന്യസംസ്ക്കരണം, ജൈവകൃഷിയുടെ പ്രോത്സാഹനം, ജലസംരക്ഷണ പദ്ധതികൾ, വിഷരഹിത ഭക്ഷ്യോത്പ്പാദന പരിശീലനം, കാൻസർ പരിശോധനാ മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യസെമിനാറുകൾ എന്നിവ ഇപ്പോഴും തുടർന്നുവരുന്നു. കൂടാതെ കാൻസർ-വൃക്ക രോഗികൾക്ക് മുൻഗണന നൽകി ചികിത്സാസഹായവും ആശാകിരണത്തിന്റെ ഭാഗമായി നൽകുന്നുണ്ട്. കഴിഞ്ഞവർഷം (2020 ഫെബ്രുവരി 4) കാൻസർ ദിനത്തോടനുബന്ധിച്ച്, കാൻസർ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിച്ച നൂറിലധികം വ്യക്തികളുടെ സംഗമം ക്രമീകരിക്കാൻ സാധിച്ചു. ആശയങ്ങൾ പങ്കുവയ്ക്കാനും സംശയങ്ങൾ ദുരീകരിക്കാനും പ്രശസ്ത ഓങ്കോളജിസ്റ്റ് ഡോ. എം. എസ് പരമേശ്വരന്റെ സാന്നിധ്യം പങ്കെടുത്തവർക്ക് വലിയ പ്രോത്സാഹനമായിരുന്നു.

കോവിഡിന്റെ സാഹചര്യത്തിൽ ഇപ്രകാരമുള്ള സംഗമമോ, മേഖലാ-യൂണിറ്റുതലങ്ങളിൽ പരിപാടികളോ ക്രമീകരിക്കാൻ പരിമിതികളുണ്ടെങ്കിലും കാൻസർദിനത്തോടനുബന്ധിച്ച് ചില പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. അവയിൽ പങ്കെടുക്കാനും സാമ്പത്തിക പരാധീനതയിൽ കഴിയുന്ന കാൻസർ രോഗികളെ സഹായിക്കാനും ബന്ധപ്പെട്ട എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(1) **Webex** : ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി കാൻസർ പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന ആശാകിരണം സന്നദ്ധ പ്രവർത്തകർ, സമരിറ്റൻസ് ചങ്ങനാശ്ശേരി, ചാസ് പ്രാദേശിക യൂണിറ്റ് ഭാരവാഹികൾ, ബഹുമാനപ്പെട്ട വൈദികർ, യുവജനങ്ങൾ, ഭക്തസംഘടനാ പ്രവർത്തകർ എന്നിവർക്കായി ഒരു Webex ഫെബ്രുവരി മാസം 4-ാം തീയതി സംഘടിപ്പിക്കുന്നു. ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചാസിൽ നിന്നും നൽകുന്നതായിരിക്കും.

Phone : 0481-2402345, 2402735, 9961077388 (Dir), Fax: 0481-2422540, 2401430, E-mail: chass1966@gmail.com, chass1966@rediffmail.com, web:www.chasschry.org.

(2) **വാട്സ് ആപ്പ് ഗ്രൂപ്പ്** : ആശാകിരണം സന്നദ്ധപ്രവർത്തകർ, കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ്, SHG ലീഡേഴ്സ്, ചാസ് പ്രാദേശിക യൂണിറ്റ് ഭാരവാഹികൾ, ആശാകിരണം പദ്ധതിയിൽപെട്ട കാൻസർ, കിഡ്നി രോഗികൾ എന്നിവർക്കായി പ്രത്യേകം പ്രത്യേകം വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് കാൻസർ ബോധവത്ക്കരണ സന്ദേശങ്ങൾ നൽകുന്നു.

(3) **പോസ്റ്റർ കാമ്പയ്ൻ** : ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി മലയാളത്തിൽ തയ്യാറാക്കിയ പോസ്റ്ററുകൾ സോഷ്യൽ മീഡിയാവഴി പരമാവധി ജനങ്ങളിലെത്തിക്കുന്നു.

(4) **ചികിത്സാസഹായം** : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കാൻസർ രോഗികൾക്കുവേണ്ടി ചാസ് സെൻട്രൽ ഓഫീസിൽ നിന്നും സാമ്പത്തിക സഹായം നൽകാറുണ്ടല്ലോ. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ മ്യൂച്വൽ ബനഫിറ്റ് സ്കീമിലും (MBS) ജീവകാരുണ്യനിധിയിലും രോഗികളെ പരമാവധി സഹായിക്കാൻ പരിശ്രമിക്കുന്നുണ്ട്. കോവിഡ് കാലത്തുപോലും 10 ലക്ഷത്തിലധികം തുക ചികിത്സാസഹായമായി കാൻസർ രോഗികൾക്ക് നൽകാൻ കഴിഞ്ഞു. ഈ വർഷത്തെ കാൻസർ ദിനത്തോടനുബന്ധിച്ച് ചാസിന്റെ എല്ലാ യൂണിറ്റുകളും അർഹരായ പാവപ്പെട്ട കാൻസർ രോഗികൾക്ക് ചികിത്സാസഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുമല്ലോ.

1. കഴിഞ്ഞ വർഷം (2019-20) ഒരു ലക്ഷം രൂപയിലധികം ലാഭമുള്ള ക്രെഡിറ്റ് യൂണിയന്റ ലാഭവിഹിതത്തിന്റെ 20 ശതമാനമെങ്കിലും കാൻസർ രോഗികൾക്കായി ചെലവഴിക്കണം.
2. ഒരു ലക്ഷത്തിനു താഴെ ലാഭമുള്ള യൂണിറ്റുകൾ ലാഭവിഹിതത്തിന്റെ 15% തുക ചെലവഴിക്കണം.
3. ക്രെഡിറ്റ് യൂണിയൻ ലാഭമില്ലാത്തതും, ക്രെഡിറ്റ് യൂണിയൻ പ്രവർത്തനം ഇല്ലാത്തതുമായ യൂണിറ്റുകൾ 1000-2000 രൂപ അർഹമായ രോഗികൾക്ക് നൽകാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.
4. ഒരു രോഗിക്ക് കുറഞ്ഞത് Rs.1000/- രൂപയെങ്കിലും ലഭിക്കണം.
5. സഹായം ലഭിച്ച രോഗികളുടെ പേരും മേൽവിലാസവും നൽകിയ തുകയും അടങ്ങിയ ലിസ്റ്റ് യൂണിറ്റിൽ സൂക്ഷിക്കുകയും കോപ്പി ചാസിൽ ഫെബ്രുവരി 10 നകം നൽകുകയും വേണം.
6. യൂണിറ്റ് (Trust) ന്റെ അക്കൗണ്ടിൽ സഹായം നൽകിയതിന്റെ വിവരങ്ങൾ നിശ്ചയമായും രേഖപ്പെടുത്തേണ്ടതും, വൗച്ചർ സൂക്ഷിക്കേണ്ടതുമാണ്.
7. ഇത്തരം പ്രവർത്തനങ്ങൾ നിർബന്ധമായും നടത്തിയെങ്കിൽ മാത്രമേ നിയമപരമായി Tax ഒഴിവോടുകൂടി നിലനിൽക്കാൻ സോഷ്യൽ സർവ്വീസ് ട്രസ്റ്റ് (യൂണിറ്റ്) കൾക്ക് സാധിക്കുകയുള്ളൂ.

കോവിഡ് കാലത്ത് വരുമാനവഴികളില്ലാത്ത കാൻസർ രോഗികളെ സഹായിക്കാൻ പ്രത്യേകം താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഫാ . ജോസഫ് കളരിക്കൽ

ഡയറക്ടർ